20
സെപ്റ്റംബർ
2018

# പ്രതിധ്വനി

കുടുംബശ്രീ വാർത്താ പത്രിക

Govt. Of Kerala

ലക്കം: 014



# കുടുംബശ്രീയെ അറിഞ്ഞ് പി. സായ്നാഥ്

## "സംഘകൃഷി സംഘാംഗങ്ങളുടെ ആത്മവിശ്വാസം അഭിനന്ദനാർഹം"

പ്രളയക്കെടുതിയിൽ അതീവ ഗുരുതരവും വ്യാപകവുമായ കൃഷിനാശം സംഭവിച്ചെങ്കിലും കഠിനാധ്വാനത്തിലൂടെ കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുമെന്ന ആത്മവിശ്വാസവും പ്രതീക്ഷയും പുലർത്താൻ കഴിയുന്നവരാണ് കുടുംബശ്രീയുടെ സംഘക്കൃഷി ഗ്രൂപ്പുകളിലെ വനിതകളെന്ന് പ്രമുഖ മാധ്യമ പ്രവർത്തകനും റമൺ മാഗ്സാസെ അവാർഡ് ജേതാവുമായ പി.സായ്നാഥ് പറഞ്ഞു. ഇത് തികച്ചും അഭിനന്ദനാർഹമാണ്. അപ്രതീക്ഷിതമായുണ്ടായ പ്രളയം ഏറ്റവും സാരമായി ബാധിച്ച പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ സംഘക്കൃഷി ഗ്രൂപ്പുകൾക്കുണ്ടായ കൃഷിനാശം നേരിൽ കണ്ടറിയാനും പഠിക്കാനുമായി സന്ദർശനം നടത്തിയ ശേഷം കുടുംബശ്രീ സംസ്ഥാനമിഷനിലെ ഉദ്യോഗസ്ഥരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രാദേശികതയിൽ അടിയുറച്ച മുന്നേറ്റമാണ് കുടുംബശ്രീയുടെ സംഘക്കൃഷിയുടേത്. ഭൂപരിഷ്ക്കരണത്തിനു ശേഷം കേരളം കണ്ട ഏറ്റവും വലിയ കാർഷിക വിപ്ളവമാണിത്. വളരെ വ്യാപകമായ കൃഷിനാശമാണ് സംഘക്കൃഷി അംഗങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുള്ളതെന്ന് ജില്ലകൾ സന്ദർശിച്ചതിൽ നിന്നും മനസിലാക്കുന്നു. എന്നാൽ ദുരന്തം ഏൽപിച്ച ആഘാതത്തിൽ നിന്നും മോചിതരാകാൻ കുടുംബശ്രീ വനിതകൾക്ക് കഴിഞ്ഞിട്ടുണ്ട്. എല്ലാം നശിച്ചിട്ടും കൃഷിയിലൂടെ തന്നെ തങ്ങളുടെ ഉപജീവനോപാധി വീണ്ടെടുക്കുമെന്ന ആത്മവിശ്വാസവും ധൈര്യവും പ്രകടിപ്പിക്കാൻ അവർക്ക് സാധിക്കുന്നത് കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ ലഭിച്ച കൂട്ടായ്മയുടെ കരുത്തുകൊണ്ടാണ്. നിലവിൽ സംഭവിച്ച കൃഷിനാശങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ എത്രയും പെട്ടെന്ന് നൽകുന്നതോടൊപ്പം കാർഷിക മേഖലയിൽ നിന്ന് ഉപജീവന മാർഗം കണ്ടെത്തുന്നതിനുമുള്ള അടിയന്തിര പിന്തുണകളാണ് അവർക്കിനി ലഭ്യമാക്കേണ്ടത്. കർഷകർക്ക് ആവശ്യമായ പിന്തുണയും സഹായങ്ങളും നൽകുന്നതിനായി മണ്ണിന്റെ ഫലഭൂയിഷ്ഠത ദീർഘകാലം നിലനിർത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് മികച്ച കാർഷിക പദ്ധതികൾ അവർക്കായി ആസൂത്രണം ചെയ്ത് നടപ്പാക്കണം. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കർഷകർക്ക് നിയന്ത്രിക്കാൻ കഴിയുന്നതും സാമ്പത്തികമായി അവർക്ക് വഹിക്കാൻ കഴിയുന്ന തരത്തിലുമുള്ള ആധുനിക സാങ്കേതിക വിദ്യകളാണ് അവതരിപ്പിക്കേണ്ടത്.

കോർപ്പറേറ്റുകൾ ലാഭം മുൻനിർത്തി കാർഷിക മേഖലയിൽ ഉപയോഗിക്കുന്ന ഉൽപാദനരീതികൾ കാലക്രമേണ മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തുന്നു. ഉൽപാദനം വർധിപ്പിക്കുന്നതിനായി പ്രയോഗിക്കുന്ന മാർഗങ്ങൾ ഉൽപന്നങ്ങളുടെ ക്രമാനുഗതമല്ലാത്ത വളർച്ചയിലേക്കാണ് നയിക്കുന്നത്. ഇത്തരം ഭക്ഷ്യോൽപന്നങ്ങൾ ആരോഗ്യത്തിന് ഹാനികരമാണ്. നമ്മുടെ വാസസ്ഥലത്തു നിന്നും നൂറു മൈൽ ചുറ്റളവിൽ ഉൽപാദിപ്പിച്ച ഭക്ഷ്യധാന്യങ്ങളും കാർഷികോൽപന്നങ്ങളും ഉപയോഗിക്കാൻ കഴിയുന്ന അവസ്ഥ സംജാതമാക്കണം. ഇക്കാര്യത്തിൽ കുടുംബശ്രീയുടെ സംഘക്കൃഷി ഗ്രൂപ്പുകൾക്ക് മികച്ച രീതിയിലുള്ള ഇടപെടൽ നടത്താൻ കഴിയും. പ്രളയക്കെടുതികളെ തുടർന്ന് ഗ്രാമീണ കാർഷിക മേഖലയിൽ വലിയ നഷ്ടങ്ങൾ നേരിട്ടെങ്കിലും ഫലപ്രദമായ ആസൂത്രണം വഴി രൂപപ്പെടുത്തിയ കാർഷിക പദ്ധതികൾ അവതരിപ്പിച്ചുകൊണ്ട് അത് മറികടക്കാനാകുമെന്നും സംഘക്കൃഷി ഗ്രൂപ്പിലെ സാധാരണക്കാരായ വനിതകൾ പുലർത്തുന്ന ശുഭാപ്തിവിശ്വാസം പ്രതീക്ഷ നൽകുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി.

പ്യൂപ്പിൾ ആർക്കൈവ് ഓഫ് ഇന്ത്യ ബാംഗ്ളൂർ കറസ്പോണ്ടന്റ് വിശാഖ ജോർജ്, പത്തനംതിട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്.സാബിർ ഹുസൈൻ, ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സുജ ഈപ്പൻ എന്നിവർ അദ്ദേഹത്തെ അനുഗമിച്ചു. പത്തനംതിട്ട ജില്ലയിൽ റാന്നി അങ്ങാടി, അയിരൂർ, തോട്ടപ്പുഴശ്ശേരി, നെടുമ്പുറം ആലപ്പുഴ ജില്ലയിലെ കൈനകരി, ചമ്പക്കുളം, ചെട്ടികുളങ്ങര എന്നീ സി.ഡി.എസുകൾ സന്ദർശിച്ച് അവിടുത്തെ സംഘക്കൃഷി ഗ്രൂപ്പ് അംഗങ്ങളുമായി അദ്ദേഹം ആശയവിനിമയം നടത്തി.

കുടുംബശ്രീ പ്രോഗ്രാം ഓഫീസർ സി.എസ്. ദത്തൻ സ്വാഗതവും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. ഹരികിഷോർ കൃതജ്ഞതയും പറഞ്ഞു.

# "നവകേരളം" സംസ്ഥാന ഭാഗ്യക്കുറികൾ വിൽക്കാൻ കുടുംബശ്രീ വനിതകളും

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും കേരളത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി അധിക തുക സമാഹരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ആരംഭിച്ച "നവകേരള ഭാഗ്യക്കുറി" വിറ്റഴിക്കാൻ കുടുംബശ്രീ വനിതകളും രംഗത്ത്. കുടുംബശ്രീ സി.ഡി.എസുകൾക്ക് കാഷ്വൽ ഏജൻസി എടുത്ത് ടിക്കറ്റുകൾ വിറ്റഴിക്കുന്നതിന് സർക്കാർ അവസരം നൽകിയതിനെ തുടർന്നാണിത്. ഇതുപ്രകാരം എല്ലാ സി.ഡി.എസുകളും കാഷ്വൽ ഏജൻസി എടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ മുന്നോടിയായി ഭാഗ്യക്കുറി വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ ജില്ലയിലും നിന്നുള്ള കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളിലെ ഒരാളെ വീതം ഉൾപ്പെടുത്തി പരിശീലനവും നൽകി.

ഒക്ടോബർ മൂന്നിനാണ് ലോട്ടറിയുടെ നറുക്കെടുപ്പ്. ഒന്നാം സമ്മാനം ഒരു ലക്ഷം രൂപ വീതം തൊണ്ണൂറ് പേർക്ക് ലഭിക്കും. കൂടാതെ രണ്ടാം സമ്മാനമായി അയ്യായിരം രൂപ വീതം ഒരുലക്ഷത്തി എണ്ണൂറ് പേർക്കും ലഭിക്കും. ആകെ 90 ലക്ഷം ടിക്കറ്റുകൾ വിൽക്കുന്നതിനാണ് ഭാഗ്യക്കുറി വകുപ്പ് ലക്ഷ്യമിടുന്നത്.

കുടുംബശ്രീ സി.ഡി.എസിന്റെ പേരിലാണ് കാഷ്വൽ ഏജൻസി എടുക്കുക. ഇതുപ്രകാരം സംഘടനാ സംവിധാനത്തിലെ 1064 സി.ഡി.എസുകളും കാഷ്വൽ ഏജൻസി എടുക്കുന്നതിന് സന്നദ്ധരായിട്ടുണ്ട്. നവകേരളം ലോട്ടറിയുടെ വിൽപന സംബന്ധിച്ച് ഇവർക്കുള്ള ജില്ലാതല ഏകദിന പരിശീലനവും പൂർത്തിയാക്കി. സി.ഡി.എസുകൾക്ക് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽ നിന്നോ സബ് ഓഫീസുകളിൽ നിന്നോ സൗജന്യ കാഷ്വൽ ഏജൻസി എടുക്കാനാവും. ഇതിനായി അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ കോപ്പി കൂടി നൽകണം. കാഷ്വൽ ഏജൻസി ലഭിക്കുന്നവർക്ക് ഏജൻസി നമ്പർ ഉൾപ്പെടുന്ന ഒരു കാർഡും നൽകും. ഇങ്ങനെ ഏജൻസി എടുക്കുന്ന സി.ഡി.എസുകൾ പത്ത് ടിക്കറ്റുകളുള്ള ഒരു ബുക്കെങ്കിലും വാങ്ങിയിരിക്കണമെന്ന് നിബന്ധനയുണ്ട്. ടിക്കറ്റ് ഒന്നിന് 250/- രൂപയാണ് വില. ഒരു ബുക്ക് വാങ്ങുമ്പോൾ 1943/- രൂപ നൽകിയാൽ മതിയാകും. നിലവിൽ



ഓരോ സി.ഡി.എസിന്റെ കീഴിലും ലോട്ടറി വിതരണത്തിനായി തിരഞ്ഞെടുത്തിട്ടുള്ള അംഗങ്ങൾക്ക് സി.ഡി.എസിന്റെ കത്ത് സഹിതം ജില്ലാ ഓഫീസിൽ നിന്നും ആവശ്യമുള്ള തുക അടച്ച് ടിക്കറ്റുകൾ വാങ്ങി വിൽക്കാവുന്നതാണ്. താൽപര്യമുള്ള ഏതൊരു കുടുംബശ്രീ വനിതയ്ക്കും സി.ഡി.എസുകൾ മുഖേന നവകേരള ലോട്ടറി വാങ്ങി വിൽക്കാൻ കഴിയും. ആകർഷകമായ കമ്മീഷനുമുണ്ട്.

സി.ഡി.എസുകളെ കൂടാതെ കുടുംബശ്രീയുടെ പിന്തുണാ സംവിധാനങ്ങളായ കാസ്, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ, വിവിധ പരിശീലന ഗ്രൂപ്പുകൾ എന്നിവർക്കും കാഷ്വൽ ഏജൻസി എടുക്കാൻ സാധിക്കും. ഇതിനായി അതത് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ നൽകുന്ന കത്ത് സഹിതം ജില്ലാ ലോട്ടറി ഓഫീസിൽ നിന്നോ സബ് ഓഫീസിൽ നിന്നോ നേരിട്ട് ഏജൻസി എടുക്കാവുന്നതാണ്. സർക്കാരിന്റ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നതിന്റെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനമൊട്ടാകെയുള്ള അയൽക്കൂട്ട വനിതകളിൽ നിന്നു സമാഹരിച്ച ഏഴു കോടി രൂപ കഴിഞ്ഞ മാസം 29ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയിരുന്നു.

# അസർബെയ്ജാനിൽ കുടുംബശ്രീ

## രണ്ടാംഘട്ട പരിശീലനം ആരംഭിച്ചു



കുടുംബശ്രീ മാതൃകയിലുള്ള സംവിധാനം രൂപീകരിക്കുന്നതിന്റെ ഭാഗമായി അസർബെയ്ജാനിൽ രണ്ടാം ഘട്ട പരിശീലന പരിപാടിക്ക് തുടക്കമായി. കേരളത്തിന് പുറത്തേക്ക് കുടുംബശ്രീ മാതൃക എത്തിക്കുന്നതിനായി പ്രവർത്തിക്കുന്ന കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷന്റെ (എൻആർഒ) നേതൃത്വത്തിലാണ് രണ്ടാഴ്ച നീളുന്ന പരിശീലനം നൽകുന്നത്. രാജ്യത്ത് സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ മാതൃക പകർത്താൻ താത്പര്യപ്പെട്ട് 2017 ഒക്ടോബറിലാണ് അസർബെയ്ജാൻ കുടുംബശ്രീയെ സമീപിച്ചത്. അതിന് ശേഷം കുടുംബശ്രീയിൽ നിന്നുള്ള ഉദ്യോഗസ്ഥ സംഘം അടക്കമുള്ളവർ 2018 മാർച്ചിൽ അസർബെയ്ജാനിൽ സന്ദർശനം നടത്തുകയും ആദ്യ ഘട്ട പരിശീലനം നൽകുകയും ചെയ്തിരുന്നു. അതിന് തുടർച്ചയായാണ് ഇപ്പോൾ രണ്ടാം ഘട്ട പരിശീലനം ആരംഭിച്ചിരിക്കുന്നത്.

അസർബെയ്ജാൻ റൂറൽ ഇൻവെസ്റ്റ്മെന്റ് പ്രൊജക്ടിനോട് (അസ്റിപ്) അനുബന്ധിച്ച് അയൽക്കൂട്ട മാതൃകയിൽ വനിതാ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പരിശീലനമാണ് ആദ്യ ഘട്ടത്തിൽ നൽകിയത്. ലഘുസമ്പാദ്യ പ്രവർത്തനങ്ങൾ, കണക്കുകൾ രേഖപ്പെടുത്തുന്നത് അടക്കമുള്ള കാര്യങ്ങളിലും അസ്റിപ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിരുന്നു. ഈ ഉദ്യോഗസ്ഥർക്കൊപ്പം കുടുംബശ്രീ ഉദ്യോഗസ്ഥർ അസർബെയ്ജാനിലെ വിവിധ കേന്ദ്രങ്ങളിലെത്തി വിശദമായ പഠന ക്ലാസ്സുകളും നൽകിയിരുന്നു. ആദ്യ ഘട്ട പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ അസർബെയ്ജാനിൽ വനിതാ സംഘങ്ങൾ രൂപീകരിച്ചു കഴിഞ്ഞു.

ലഘുസമ്പാദ്യ വിഭാഗത്തിൽ വായ്പകൾ നൽകുന്നതിലും ഉപജീവന മാർഗ്ഗ വികസന വിഭാഗത്തിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംഘങ്ങൾ രൂപീകരിക്കുന്നതിലും കേന്ദ്രീകരിച്ചാണ് രണ്ടാം ഘട്ടത്തിൽ പരിശീലനം നൽകുന്നത്. ഇതിനായി കുടുംബശ്രീ സൂക്ഷ്മ സംരംഭക കൺസൾട്ടന്റ്മാർക്ക് പരിശീലനം നൽകുന്ന ട്രീ സൊസൈറ്റിയിൽ നിന്നുള്ള രണ്ട് പ്രതിനിധികളും അസർബെയ്ജാനിൽ സെപ്റ്റംബർ ഏഴ് മുതൽ ആരംഭിച്ച പരിശീലന പരിപാടിക്ക് നേതൃത്വം നൽകുന്നു.

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിൽ വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്ന സംസ്ഥാന ഗ്രാമീണ ഉപജീവന ദൗത്യങ്ങൾക്ക് (എസ്ആർഎൽഎം) പിന്തുണയേകുന്നതിനായി 2012ലാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലം കുടുംബശ്രീയ്ക്ക് നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻആർഒ) പദവി നൽകുന്നത്. പഞ്ചായത്തീരാജ് സ്ഥാപനങ്ങളും സാമൂഹ്യ സംഘടനാ സംവിധാനങ്ങളും സംയോജിപ്പിക്കുന്നതിനുള്ള (പിആർഐ-സിബിഐ) പ്രവർത്തനങ്ങളും ഉപജീവന മാർഗ്ഗങ്ങൾക്കായുള്ള സംരംഭ വികസന പ്രവർത്തനങ്ങൾ എന്നിവയാണ് കുടുംബശ്രീ എൻആർഒ പ്രധാനമായും നടപ്പിലാക്കുന്നത്.

അഗതിരഹിത കേരളം
09

# പദ്ധതി പ്രവർത്തന പുരോഗതി: തിരുവനന്തപുരം ജില്ല

തിരുവനന്തപുരം ജില്ലയുടെ അഗതിരഹിതകേരളം പദ്ധതി പ്രവർത്തന പുരോഗതിയെക്കുറിച്ചാണ് ഈ ലക്കം. ജില്ലയിൽ മൊത്തം 28595 കുടുംബങ്ങളുടെ മൊബൈൽ സർവേയാണ് നടത്തിയത്. ഇതിൽ 16443 കുടുംബങ്ങളെ നിലവിൽ ഗുണഭോക്തൃ കുടുംബങ്ങളായി ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 9320 കുടുംബങ്ങൾ മുൻ ആശ്രയ പദ്ധതി ഗുണഭോക്താക്കളും 7123 കുടുംബങ്ങൾ പുതുതായി ഉൾപ്പെടുത്തിയവരുമാണ്. മൊത്തം ഗുണഭോക്താക്കളിൽ 609 കുടുംബങ്ങൾ എസ് ടി വിഭാഗത്തിലുൾപ്പെടുന്നവരാണ്. തിരുവനന്തപുരം ജില്ലയുടെ പ്രവർത്തന പുരോഗതി പട്ടികയിൽ ചേർത്തിരിക്കുന്നു.

| പ്രവർത്തന പുരോഗതി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| അപ്പീൽ പുന: പരിശോധന കഴിഞ്ഞവ | 76 |
| പത്യേക ഗ്രാമസഭ കഴിഞ്ഞവ | 60 |
| ഗുണഭോക്തൃ പട്ടിക അന്തിമമാക്കിയവ | 60 |
| ആരോഗ്യ ക്യാമ്പ് നടത്തിയവ | 55 |
| പ്രോജക്ടുകൾ തയ്യാറായവ | 1 |

(അടുത്തലക്കം: കൊല്ലം ജില്ലയുടെ പുരോഗതി
കൂടുതൽ വിവരങ്ങൾക്ക് : **dfk.ksm@gmail.com**)

Printed and published by S. Harikishore IAS, Executive Director, Kudumbashree, State Poverty Eradication Mission, Government of Kerala, 2nd Floor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram - 695011, Kerala. Editor: Ramlath.P, Managing Editor: Jayanthi Narendran, Associate Editors: Asha S. Panicker, Chaithanya. G, Manjary Asok. Design: Arun S, E-mail: prteamkshreeho@gmail.com